(ബി) ഇല്ല. നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു ഈ നടപടി.

(സി) ഇത് പ്രായോഗികമല്ല.

(ഡി) അംഗീകാരമില്ലാത്ത സ്കൂളുകളിൽ കുട്ടികളെ പഠിപ്പിച്ച്, പരീക്ഷക്കിരുത്തി റ്റി.സി. നൽകുന്നത് നിയമപ്രകാരം അനുവദിക്കാൻ കഴിയില്ല.

(ഇ) അൺഎയിഡഡ് സ്കൂളുകളിൽ പഠിച്ചിരുന്ന 2,3,4 എന്നീ ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് വിടുതൽ സർട്ടിഫിക്കറ്റ് ഇല്ലാതെയും പ്രവേശന പരീക്ഷ കൂടാതെയും സർക്കാർ, എയിഡഡ് അംഗീകൃത സ്കൂളുകളിൽ പ്രവേശനം നൽകുന്നതിനും, 5,6,7 എന്നീ ക്ലാസുകളിൽ പ്രവേശന പരീക്ഷയോടുകൂടി പ്രവേശനം നൽകാനും നിർദ്ദേശം നൽകിക്കഴിഞ്ഞു. ഇതിന് പ്രായപരിധി മാത്രമേ മാനദണ്ഡമാക്കാറുള്ളു.

(എഫ്) അൺഎയിഡഡ് , അൺറെഗ്നൈസ്ഡ് സ്കൂളുകൾ കെ.ഇ.ആർ. പരിധിയിൽ വരുന്നില്ല. അൺഎയിഡഡ് സ്കൂളുകളാണെങ്കിലും അംഗീകാരം കിട്ടിയ സ്കൂളുകൾ മാത്രമേ കെ.ഇ.ആർ. പരിധിയിൽ വരൂ. ഇത്തരം സ്കൂളുകൾ നിറുത്തലാക്കിയിട്ടില്ല.

പുതുതായി അനുവദിച്ച പ്ലസ് ടു കോഴ്സുകൾ

52(460) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ :
ശ്രീമതി കെ. ആർ. ഗൗരിയമ്മ : : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സ്കൂളുകളിൽ പ്ലസ്ടു കോഴ്സ് അനുവദിച്ചിട്ടുണ്ട് ; അവ എവിടെയെല്ലാം ;

(ബി) പ്ലസ് ടു അനുവദിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഓരോ സ്കൂളിനും എത്ര കോഴ്സുകൾ വീതമാണ് നൽകിയത് ;

(ഡി) കോളേജുകളിൽ നിന്നും പ്രീഡിഗ്രി പൂർണ്ണമായി വേർപ്പെടുത്തുമ്പോൾ എത്ര അദ്ധ്യാപകരും അനദ്ധ്യാപകരും അധികം വരുമെന്ന് കാണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്നു വ്യക്തമാക്കുമോ ;

(ഇ) ഇവർക്കു പ്രതിവർഷം എന്തു തുക ശംബളമായും മറ്റും നൽകേണ്ടിവരുമെന്ന് അറിയിക്കുമോ ;

(എഫ്) പുതുതായി ആരംഭിക്കുന്ന സ്കൂളുകളിൽ സയൻസ് സബ്ജക്ട് നൽകുമ്പോൾ പുതുതായി എത്ര അദ്ധ്യാപകരേയും അനദ്ധ്യാപകരേയും നിയമിക്കേണ്ടി വരുമെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ്, പ്ലസ് ടു സ്കൂളുകളിൽ ഏതെല്ലാം വിഷയങ്ങൾ നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത് ;

(എച്ച്) ഓരോ വിഷയത്തിനും എത്ര അദ്ധ്യാപകരും അനദ്ധ്യാപകരും വേണ്ടി വരും ;

(ഐ) സ്കൂളുകൾ അനുവദിച്ചതിൽ ഉയർന്നു വന്നിരിക്കുന്ന ആക്ഷേപത്തെ സംബന്ധിച്ച് ജൂഡീഷ്യൽ അന്വേഷണം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 725 സ്കൂളുകളിൽ പ്ലസ്ടു കോഴ്സ് അനുവദിച്ചിട്ടുണ്ട്. ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു.

(ബി) പ്ലസ് ടു അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ 30-3-2000 ലെ ജി.ഒ.(എം.എസ്) 107/2000 പൊ. വി.വ.നം. ഉത്തരവിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി) ഭൗതിക സൗകര്യങ്ങളുടെ ലഭ്യതയനുസരിച്ച് സയൻസ്, ഹ്യൂമാനിറ്റീസ്, കോമേഴ്സ് എന്നീ വിഷയങ്ങളാണ് ഓരോ സ്കൂളിനും അനുവദിച്ചിരിക്കുന്നത്. ചുരുങ്ങിയത് ഒരു സ്കൂളിനു മൂന്നു ബാച്ചുകൾ വീതം അനുവദിച്ചിട്ടുണ്ട്. അപൂർവ്വം ചില സ്കൂളുകളിൽ മാത്രം രണ്ടു ബാച്ചുകളേ അനുവദിച്ചിട്ടുള്ളൂ.

(ഡി&ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) പുതുതായി ആരംഭിക്കുന്ന സ്കൂളുകളിൽ സയൻസ് ബാച്ച് ഉള്ള സാഹചര്യത്തിൽ അഞ്ചു അദ്ധ്യാപകരുടേയും നാല് അനദ്ധ്യാപകരുടെയും തസ്തിക സൃഷ്ടിക്കേണ്ടതായി വരും.

(ജി) സയൻസ് ഗ്രൂപ്പിൽ ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് കംപ്യൂട്ടർ സയൻസ്, ബയോളജി, ഹോംസയൻസ് എന്നീ വിഷയങ്ങളും, ഹ്യൂമാനിറ്റീസ് ഗ്രൂപ്പിൽ ഹിസ്റ്ററി, എക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, ജിയോഗ്രഫി, സോഷ്യോളജി, മ്യൂസിക്, സ്റ്റാറ്റിറ്റിക്സ്, ഗാന്ധിയൻ സ്റ്റഡീസ്, ഫിലോസഫി, സോഷ്യൽ വർക്ക്, ഇസ്ലാമിക് ഹിസ്റ്ററി, എന്നീ വിഷയങ്ങൾക്കുപുറമേ മലയാളം, സംസ്കൃതം, അറബിക്, ഉറുദു, തമിഴ്, എന്നീ വിഷയങ്ങളും ഐശ്ചികമായി എടുക്കാവുന്നതാണ്. കോമേഴ്സ് ഗ്രൂപ്പും ബിസിനസ്സ് സ്റ്റഡീസും അക്കൗണ്ടൻസി, എക്കണോമിക്സ്, കംപ്യൂട്ടർ ആപ്ലിക്കേഷൻസ്, മാത്തമാറ്റിക്സ്, സ്റ്റാറ്റിസ്റ്റിക്സ് എന്നീ വിഷയങ്ങളും ഉണ്ട്. ഭാഷാ വിഭാഗത്തിൽ പാർട്ട് 1 ഇംഗ്ലീഷ് നിർബന്ധ വിഷയവും പാർട്ട് 2ൽ രണ്ടാം ഭാഷയായി മലയാളം, ഹിന്ദി, സംസ്കൃതം, ഉറുദു, തമിഴ്, കന്നട, അറബിക്, ജർമ്മൻ, ഫ്രഞ്ച്, ലാറ്റിൻ, സിറിയക്, റഷ്യൻ ഇവയും ഉണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ഒരു വിഷയത്തിനു ഒരു അദ്ധ്യാപകനും സയൻസ് വിഷയങ്ങൾക്ക് നാല് അനദ്ധ്യാപകരും എന്ന നിലയ്ക്ക് ജീവനക്കാരെ ആവശ്യമാണ്.

(ഐ) ഇല്ല.

പ്ലസ് ടു കോഴ്സ്

53(464) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ പ്ലസ് ടു കോഴ്സ് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രീഡിഗ്രി ഡീലിങ്ക് ചെയ്ത് പ്ലസ് ടു അനുവദിച്ചതിൽ തിരുവനന്തപുരം സിറ്റിയിലെ പല പ്രദേശങ്ങളിലും പെൺകുട്ടികൾക്ക് പ്രത്യേകമായി പഠിക്കാനുള്ള സൗകര്യം ലഭിച്ചിട്ടില്ല എന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതു പരിഹരിക്കുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഓരോ ജില്ലയിലും നടപ്പു വർഷം ഡീലിങ്ക് ചെയ്ത പ്രീഡിഗ്രി സീറ്റുകളുടേയും. അനുവദിച്ച പ്ലസ് ടു സീറ്റുകളുടേയും എണ്ണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 287 സ്കൂളുകളിൽ.

(ബി) അങ്ങനെ ഒരു പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മാത്രവുമല്ല, പെൺകുട്ടികൾക്ക് പ്ലസ് ടു പ്രവേശനത്തിന് നഗരത്തിൽ ആവശ്യത്തിന് സ്കൂളുകൾ ഉണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) അനുവദിക്കുന്ന സീറ്റുകൾ എത്രയെന്ന് അവസാനമായി തീരുമാനിച്ചിട്ടില്ല.

പ്ലസ് ടു കോഴ്സ് അദ്ധ്യാപകരുടെ യോഗ്യതാ നിർണ്ണയം

54(465) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലസ് ടു കോഴ്സ് അദ്ധ്യാപകരുടെ യോഗ്യതാ നിർണ്ണയ പരീക്ഷാ സമ്പ്രദായം അവസാനിപ്പിച്ച് ഒരു ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം നടത്തുവാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly